കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല തിരുവില്വാമല ഗ്രാമ പഞ്ചായത്ത്-പട്ടികജാതി പരിശീലന കേന്ദ്രത്തിന് നിർമ്മിച്ച കെട്ടിടത്തിൽ പഞ്ചായത്തിന്റെ ആയുർവേദ ആശുപത്രിയും ഹോമിയോ ആശുപത്രിയും തൽക്കാലത്തേയ്ക്ക് പ്രവൃത്തിയ്ക്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.1168/2019/ തസ്വഭവ തിരുവനന്തപുരം, തീയതി, 07.06.2019.

പരാമർശം :- 1 . തൃശ്ശൂർ ജില്ലാ പ്ളാനിംഗ് ഓഫീസറുടെ 27/12/2017-ലെ കത്തും തിരുവില്വാമല ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 10/08/2018 ലെ 21(4) നമ്പർ തീരുമാനവും.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.02.2019 ലെ 4.27 നമ്പർ തീരുമാനം

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ തിരുവില്വാമല ഗ്രാമ പഞ്ചായത്തിന്റെ 2012-13,2013-14 വർഷങ്ങളിലെ എസ്.സി.പി ഫണ്ട് ഉപയോഗിച്ച് പട്ടികജാതി പരിശീലന കേന്ദ്രം എന്ന പ്രോജക്ട് നടപ്പാക്കുകയും കെട്ടിട നിർമ്മാണം നടത്തുകയും ചെയ്തുവെന്നും ഇതിനായി 49,74,712/- രൂപ ചിലവഴിച്ചുവെന്നും ഉപയോഗിക്കാതെ കിടക്കുന്ന ഈ കെട്ടിടത്തിൽ പഞ്ചായത്തിന്റെ ആയുർവേദ ആശുപത്രിയും ഹോമിയോ ആശുപത്രിയും പ്രവർത്തിക്കുന്നതിന് അനുമതി നല്കുന്നതിനായി പരാമർശം (1)ലെ കത്ത് പ്രകാരം തൃശ്ശൂർ ജില്ലാ പ്ളാനിംഗ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

2. ഇക്കാര്യം കേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05/02/2019 ലെ യോഗം പരിശോധിച്ചു. ടി കമ്മിറ്റിയുടെ പരാമർശം രണ്ടിലെ തീരുമാന പ്രകാരം എസ്.സി.പി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടം ഇത്തരത്തിൽ ഉപയോഗിക്കുന്നത് അഭികാമ്യമല്ലായെങ്കിലും എത്രയും വേഗം ഈ കെട്ടിടം പട്ടികജാതി വിഭാഗത്തിന് ഉപയോഗിക്കാൻ സാധിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കണമെന്ന നിബന്ധനയോടെ മേൽ രണ്ട് സ്ഥാപനങ്ങളും തൽക്കാലത്തേയ്ക്ക്(ഹ്രസ്വ കാലത്തേയ്ക്ക്) പ്രവൃത്തിയ്ക്കാൻ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

ജില്ലാ പ്ളാനിംഗ് ഓഫീസർ,തൃശ്ശൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് , തിരുവനന്തപുരം

സെക്രട്ടറി, തിരുവില്വാമല ഗ്രാമ പഞ്ചായത്ത് ,തൃശ്ശൂർ

തദ്ദേശസ്വയംഭരണ (ഒ . എസ് ) വകുപ്പ് , ഡിബി2/68/19/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ